

Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## 22 കിലോ കഞ്ചാവുമായി 2 മലപ്പുറം സ്വദേശികൾ ഒറ്റപ്പാലത്ത് പിടിയിൽ

കാറിൽ കടത്തിയ 22 കിലോ കഞ്ചാവുമായി 2 മലപ്പുറം സ്വദേശികളെ ഒറ്റപ്പാലം പോലീസും പാലക്കാട് ഡാൻസാഫ് സ്ക്വാഡും ചേർന്ന് പിടികൂടി. മലപ്പുറം, കണ്ണമംഗലം, സ്വദേശികളായ സിറാജ്, വ :32, സുധീഷ് വ : 32 എന്നിവരെയാണ് ഒറ്റപ്പാലത്ത് വെച്ച് പിടികൂടിയത്.

മലബാർ ജില്ലകളിലെ കഞ്ചാവ് കച്ചവടക്കാർക്ക് എത്തിച്ചു കൊടുക്കാൻ കൊണ്ടുവന്ന കഞ്ചാവാണ് പിടികൂടിയത്. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ 22 ലക്ഷം രൂപയോളം വില വരും. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് നടന്നു വരുന്ന പ്രത്യേക വാഹന പരിശോധനക്കിടയിലാണ് കഞ്ചാവ് സംഘം പിടിയിലായത്.



പാലക്കാട് ജില്ല പോലീസ് മേധാവി സുജിത്ത് ദാസ്IPS ൻെറ നിർദ്ദേശത്തെത്തുടർന്ന് , നർകോട്ടിക് സെൽ DySP C.D ശ്രീനിവാസൻെറ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്. ഒറ്റപ്പാലം S.H.O വിഷ്ണു പ്രദീപ് IPS, ഇൻസ്പെക്ടർ M.സുജിത്ത്, S.I. P. L ജോർജ് , SCPO മാരായ C.S സാജിദ്, ഉദയൻ , സുനന്ദകുമാർ ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ S.ജലീൽ, R. കിഷോർ , അഹമ്മദ് കബീർ, R. വിനീഷ് , S. ഷനോസ്, R. രാജീദ്, S. ഷമീർ , എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് കടത്ത് പിടികൂടിയത്.

...........................................................................................................................

